## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമങ്ങൾ

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - പദ്ധതി വിഹിത ഫണ്ട് 2019- 20- ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ- ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നം. പി.1/67322/2019/കോ.വി.വ      തീയതി : 29.05.2019.

---

പരാമർശം:1) സർക്കാർ പരിപത്രം നം. 31/2019/ധനം തീയതി 10/04/2019.

2) എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ 26/04/2019 തീയതിയിലെ നം. എ.2/മിസ്/2018-19 ഇ. മെയിൽ.

3) തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് പ്രിൻസിപ്പാളിന്റെ ഇ. മെയിൽ

### ഉത്തരവ്

2019-2020 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിത പ്രകാരം " 2202-03-103-51- ഗുണനിലവാരം മെച്ചപ്പെടുത്തൽ, നവീകരണം " (Quality Enhancement Up gradation) എന്ന ശീർഷകത്തിൽ 2500/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുന്ന 'ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ' എന്ന ഇനത്തിൽ 2018-19 വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾക്കായി സൂചന 2, 3 പ്രകാരം എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും 37,26,704/- രൂപയും തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നിന്നും 57,65,282/- രൂപയും ആവശ്യപ്പെട്ടിട്ടുണ്ട്. സൂചന (1) പ്രകാരം 2018-19 വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾക്കുള്ള തുക ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ട്രഷറിക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ മാറുന്നതിനായി ചുവടെ സൂചിപ്പിക്കും പ്രകാരം പ്രിൻസിപ്പാൾമാർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1. മഹാരാജാസ് കോളേജ്, എറണാകുളം | - | രൂപ. 37.26.704/- |
| 2. സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | - | രൂപ. 57,65,282/- |
| മൊത്തം | - | രൂപ. 94,91,986 |

GOVERNMENT OF KERALA 2017-18

(രൂപ തൊണ്ണൂറ്റിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം)

മേൽ തുക 'ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഓണേഴ്സ് പ്രോഗ്രാമും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ' എന്നയിനം ഉൾപ്പെട്ട '2202-03-103-51- Quality Enhancement and Up gradation)' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഒപ്പ്/-
ഹരിത. വി കുമാർ ഐ.എ.എസ്.,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്: -

1. പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്, എറണാകുളം
2. പ്രിൻസിപ്പാൾ, സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം
3. ബഡ്ജറ്റ് സെക്ഷൻ
4. നടപ്പു ഫയൽ
5. സിസ്റ്റം അഡ്മിനിസ്ട്രേഷൻ

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എസ്.യു/29/05/2019

GOVERNMENT OF KERALA 2017-18